(*c*) if not how much more time is required for the purpose ?

Chief Minister (**Shri A. J. John**):

(*a*) Not completed but the work is nearing completion.

(*b*) No.

(*c*) The term of the Committee has been extended till the end of October 1953. It is hoped that the Committee will find it possible to finish off a major portion of the work by that time.

നാഷണൽ എക്സ്റ്റൻഷൻ സർവ്വീസ്.

* ൪൨. [൭൩] ശ്രീ. കെ. ജെ. തോമസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്ത് എത്ര നാഷണൽ എക്സ്റ്റൻഷൻ സർവീസ് ആരംഭിക്കുവാൻ അനുവാദം സിദ്ധിച്ചിട്ടുണ്ട് ;

(ബി) ഇവ എവിടെയെല്ലാമാണ് ആരംഭിക്കുവാൻ നിശ്ചയിച്ചിട്ടുള്ളത് ; ഇതിൽ ഏതെങ്കിലും ആരംഭിച്ചുകഴിഞ്ഞോ ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ൧൯൫൩-൫൪ വർഷത്തിൽ മൂന്നു ബ്ലോക്കുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ഈ മൂന്നു ബ്ലോക്കുകൾ മൂവാറ്റുപുഴ, തിരുവല്ലാ, അഗസ്തീശ്വരം എന്നീ താലൂക്കുകളിലായി സ്ഥാപിക്കുന്നതാണ്. ഇവ ൧൯൫൪ ഏപ്രിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

ചെത്തുതൊഴിലാളികൾ.

* ൪൩. [൭൭] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറവൂർതാലൂക്കു ചെത്തുതൊഴിലാളിസംഘത്തിൽനിന്നും ആഗസ്റ്റ് ൧൯൫൩ മുതൽ കുറെ തൊഴിലാളികളെ കണ്ടക്ടർമാർ പിരിച്ചു വിടുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ആ പിരിച്ചുവിടലിനെ സംബന്ധിച്ചുള്ള തർക്കത്തിൽ ലേബർ ഡിപ്പാർട്ടുമെന്റ് ഇടപെട്ടിട്ടുണ്ടോ ;

(സി) ലേബർ ഡിപ്പാർട്ടുമെന്റിനു ഈ തർക്കത്തിൽ എതെങ്കിലും ഒത്തുതീർപ്പോ തീരുമാനങ്ങളോ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly